സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നടപടിക്രമം

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡ് - ക്ഷേത്രങ്ങളിലെ ഏതാനും വഴിപാടുകളുടെ നിരക്ക് 01/06/2017 പ്രാബല്യത്തിൽ വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആർ.ഒ.സി. നമ്പർ.15151/16/എൻ.എസ്. നന്തൻകോട് , 18 /05/2017.

---

പരാമർശം : 1. 07.01.17-ലെ ആർ.ഒ.സി.15151/16/എൻ.എസ് നമ്പർ ബോർഡുത്തരവ്.

2. ഫൈനാൻസ് ആന്റ് അക്കൗണ്ട്സ് ആഫീസറുടെ 13.03.17-ലെ FAO 17/17/IAD നമ്പർ റിപ്പോർട്ട്.

3. ദേവസ്വം കമ്മീഷണറുടെ 11.04.2017-ലെ ആർഒ.സി.5787/17/എൻ.എസ്.1 നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ദേവസ്വങ്ങളിലെ വഴിപാട് നിരക്കുകൾ ഏറ്റവുമൊടുവിൽ പുതുക്കി നിശ്ചയിച്ചത് 17.08.2011 മുതലാണ്. മുതൽക്കൂട്ട് വർദ്ധനവ് വരുത്തിയിട്ട് 5 വർഷം കഴിഞ്ഞതിനാലും ദേവസ്വം ബോർഡിന്റെ പ്രധാന വരുമാന മാർഗ്ഗം വഴിപാട് മുതൽക്കൂട്ടായതിനാലും, വർദ്ധിച്ചു വരുന്ന ചെലവുകൾ കണക്കിലെടുത്ത് വഴിപാട് നിരക്ക് കാലോചിതമായി വർദ്ധിപ്പിക്കേണ്ടതുള്ളതിനാൽ ഇക്കാര്യം സംബന്ധിച്ച് പഠനം നടത്തി പ്രൊപ്പോസ്സൽ സമർപ്പിക്കുന്നതിന് ഫൈനാൻസ് ആന്റ് അക്കൗണ്ട്സ് ആഫീസർ ചെയർമാനും, കൾച്ചറൽ ഡയറക്ടറും നാല് ജില്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാരും അംഗങ്ങളായും ഒരു കമ്മിറ്റി രൂപീകരിച്ചും മൂന്നു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിർദ്ദേശിച്ച് 07.01.2017-ൽ ബോർഡ് ഉത്തരവ് പുറപ്പെടുവിച്ചു. (പരാമർശം.1)

ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കമ്മിറ്റി ഏതാനും വഴിപാടുകളുടെ നിരക്ക് വർദ്ധിപ്പിക്കുന്നതു സംബന്ധിച്ച പ്രൊപ്പോസ്സൽ പരാമർശം-2 ആയി സമർപ്പിക്കുകയും ടി കമ്മിറ്റിയുടെ പ്രൊപ്പോസ്സൽ അംഗീകരിക്കാവുന്നതാണെന്ന് ദേവസ്വം കമ്മീഷണർ അറിയിക്കുകയും ചെയ്തു. (പരാമർശം.3)

ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ദേവസ്വങ്ങളിലെ ചുവടെ വിവരിക്കുന്ന വഴിപാടുകളുടെ നിരക്ക് അവയ്ക്ക് നേരെ രേഖപ്പെടുത്തിയിരിക്കുന്നതനുസരിച്ച് 01/06/2017 പ്രാബല്യത്തിൽ വർദ്ധിപ്പിച്ച് ബോർഡുത്തരവാകുന്നു.

| ക്രമ നം. | വഴിപാടു വിവരം | നിലവിലെ നിരക്ക് | | | പുതുക്കിയ നിരക്ക് (1/6/2017 പ്രാബല്യത്തിൽ) | | | റിമാർക്സ് |
|---|---|---|---|---|---|---|---|---|
| | | മുതൽ ക്കൂട്ട് | സപ്ലൈ യർ ചാർജ്ജും ശാന്തി ക്കുറും | ആകെ | മുതൽ ക്കൂട്ട് | സപ്ലൈ യർ ചാർ ജ്ജ് | ആകെ | |
| 1 | അഷ്ടോത്ത രാർച്ചന | 9.75 | 0.25 | 10.00 | 14.75 | 0.25 | 15.00 | സപ്ലൈയർചാർജ് പ്രതിമാസം 1500 എണ്ണത്തിന് എന്ന ക്രമം നിജപ്പെടുത്തുന്നു. അധികരിച്ചു വരുന്ന തുക മുതൽ ക്കൂട്ടേണ്ടതാണ്. |
| 2 | ശർക്കര പായസം ¼ ലിറ്റർ | 10.00 | 20.00 | 30.00 | 15.00 | 25.00 | 40.00 | 01.04.16-ലെആർ.ഒ.സി. 10416/12/സ്യൂട്ട്/ എൻ. എസ് നമ്പർ വഴിപാട് ഏകീകരണ ഉത്തര വിലെപ്രത്യേക നിർദ്ദേശങ്ങൾ/വ്യവസ്ഥകൾ ബാധകമാണ്. |
| 3 | കൂട്ടു പായസം ¼ ലിറ്റർ | 10.00 | 20.00 | 30.00 | 15.00 | 25.00 | 40.00 | Do |
| 4 | തിലഹോമം | 25.00 | 5.00 | 30.00 | 45.00 | 5.00 | 50.00 | Do |
| 5 | വടമാല | 30.00 | 30.00 | 60.00 | 45.00 | 45.00 | 90.00 | Do |
| 6 | പഞ്ചാമൃതാ ഭിഷേകം | 25.00 | 50.00 | 75.00 | 35.00 | 65.00 | 100.00 | Do |
| 7 | ബലി കർമ്മം/ ക്ഷേത്ര പിണ്ഡം | 45.00 | 5.00 | 50.00 | 70.00 | 5.00 | 75.00 | ———— |
| 8 | വട നിവേദ്യം | 30.00 | 30.00 | 60.00 | 45.00 | 45.00 | 90.00 | ———— |
| 9 | ഇരട്ടിപായ സം ¼ ലിറ്റർ | 10.00 | 20.00 | 30.00 | 15.00 | 25.00 | 40.00 | ———— |

**തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി**

**(ഒപ്പ്)**

**സെക്രട്ടറി**

പകർപ്പ് :

1) എല്ലാ ആഫീസ് മേധാവികൾക്കും
2) സെക്ഷൻ ഫയൽ 3) ഫയൽ ബുക്ക് 4) ആഫീസ് കോപ്പി

അംഗീകാരത്തോടെ

അസിസ്റ്റന്റ് സെക്രട്ടറി